അത് ഏകദേശം 25 കോടി രൂപ വരും. ഈ സഹായം എ.ഡി.ബി. ലോണിനുപരിയായി ലഭിക്കുന്നതാണ്. പ്രസ്തുത നടത്തിപ്പിൽ ഏജൻസിക്ക് ഒരു പങ്കും ഉണ്ടാവുകയില്ല. പ്രസ്തുത നടത്തിപ്പിന് സംസ്ഥാന സർക്കാർ ആവശ്യമെന്നു കാണുന്ന വിദഗ്ദ്ധ സേവനങ്ങൾ സർക്കാർ നിർദ്ദേശ പ്രകാരം കണ്ടെത്തി ലഭ്യമാക്കുക മാത്രമാണ് ഏജൻസി ചെയ്യുക. എ.ഡി.ബി. വായ്പ ഉപയോഗിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതി രേഖകൾ പൊതുജനാഭിപ്രായം സ്വരൂപിക്കുന്നതിനായി സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(2) ഇ.ഇ.സി.യുടെ സഹകരണത്തോടെയുള്ള കാർഷിക മൊത്തവ്യാപാര വിപണിയുടെ പ്രവർത്തനം

ശ്രീ. കെ. മോഹൻ കുമാർ: സർ, 1225 ലക്ഷം രൂപ ചെലവിട്ട് യൂറോപ്യൻ സാമ്പത്തിക സഹായത്തോടുകൂടി നിർമ്മാണം പൂർത്തിയാക്കിക്കഴിഞ്ഞ ആനയറയിലെ കാർഷിക മൊത്തവ്യാപാര വിപണി ഇനിയും പ്രവർത്തനക്ഷമമായിട്ടില്ല. കുറേക്കൂടി അധികാരവും സമയവും സൗകര്യവുമുള്ള ഒരു ഉയർന്ന ഉദ്യോഗസ്ഥന്റെ ചുമതലയും മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ച് കഴിയുംവേഗം ഇത് പ്രവർത്തനക്ഷമമാക്കാൻ ബഹുമാനപ്പെട്ട മന്ത്രി താല്പര്യമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ ഗൗരിയമ്മ) : സർ, ആനയറയിലെ കാർഷികമൊത്തവ്യാപര വിപണിയുടെ നിർമ്മാണം ഏല്പിച്ചിരിക്കുന്നത് ട്രിഡയെ ആണ്. കെട്ടിടത്തിന്റെ നിർമ്മാണം 2000-ാമാണ്ടിൽ പൂർത്തിയായെങ്കിലും അതിന്റെ ഇൻഫ്രാസ്ട്രക്ചർ തീർന്നത് 2002-ലാണ്. അത് കഴിഞ്ഞതിനുശേഷം 2003-ൽ അതിന്റെ അറ്റകുറ്റപ്പണി നടത്തി അതു തുറക്കുന്നതിനുവേണ്ടി മൊത്ത വ്യാപാരികളെ ക്ഷണിച്ചുകൊണ്ടുള്ള ലേലം നടന്നു. അതിൽ 39 പേർ അപേക്ഷകരായുണ്ടായിരുന്നിട്ടും 9 പേരാണ് അപേക്ഷ തന്നത്. കൂടുതൽ ആളുകളെ അതിൽ പങ്കെടുപ്പിക്കണം. അതുപോലെതന്നെ ആ പാലത്തിന്റെ പണി തീർത്ത് സഞ്ചാരയോഗ്യമാക്കുന്നതിനും തൊഴിലാളികളുടെ കാര്യത്തിൽ, ഈ അടുത്ത കാലത്ത് പാസ്സാക്കിയ കയറ്റിറക്കുമതി നിയമത്തിൽ ഉൾപ്പെടുത്തി ഒരു നോട്ടിഫിക്കേഷൻ നടത്തി ഇത് വേഗം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കളക്ടറുടെ അധ്യക്ഷതയിലാണ് കമ്മിറ്റി കൂടുന്നത്. ആ കമ്മിറ്റിയിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തണമെങ്കിൽ ആ കാര്യം പരിഗണിക്കുന്നതാണ്.

(3) കേരളാ സ്പിന്നേഴ്സ് തുറന്ന് പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത

ഡോ. തോമസ് ഐസക്: സർ, ബി. ഐ.എഫ്. ആർ കമ്പനി മാനേജുമെന്റിന്റെ അപേക്ഷ തള്ളിക്കളഞ്ഞിട്ടും മാരാരിക്കുളത്തെ കേരളാ സ്പിന്നേഴ്സ് മാനേജുമെന്റ് ഏകപക്ഷീയമായിട്ട് ലോക്കൗട്ട് ചെയ്തിരിക്കുകയാണ്. ലേബർ ഓഫീസർ നാലു തവണ വിളിച്ചു ചേർത്ത യോഗത്തിൽ കമ്പനി

LIBRARY ARCHIVES Kerala Legislative Assembly

മാനേജുമെന്റ് പ്രതിനിധികൾ പങ്കെടുത്തിട്ടില്ല. തൊഴിലാളികൾ സ്വയം പിരിഞ്ഞു പോകുകയും ശമ്പളം പകുതിയായി കുറയ്ക്കാൻ തയ്യാറാവുകയും ചെയ്താൽ മാത്രമേ കമ്പനി തുറക്കൂ എന്നുള്ള നിലപാടാണ് മാനേജുമെന്റ് സ്വീകരിച്ചിട്ടുള്ളത്. കമ്പനിയിൽ നിന്നും വിരമിച്ചിട്ടുള്ള 18 പേരുടെ ഗ്രാറ്റുവിറ്റി കൊടുക്കുന്നതിനും കമ്പനി വിസമ്മതം പ്രകടിപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് തൊഴിൽ വകുപ്പുമന്ത്രി വ്യക്തിപരമായി ഒരു കോൺഫറൻസ് വിളിച്ചു ചേർത്ത് മാനേജുമെന്റിനെ പങ്കെടുപ്പിച്ചുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്നു അഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ആലപ്പുഴ കേരളാ സ്പിന്നേഴ്സ് 25 (ഒ) അനുസരിച്ച് ക്ലോഷറിനുവേണ്ടി ഒരു അപേക്ഷ തന്നിരുന്നു. ഞങ്ങൾ അതു നിരസിച്ചു. ഒരു കാരണവശാലും അതു അനുവദിക്കാൻ കഴിയില്ലെന്നു പറഞ്ഞുകൊണ്ട് അവർ കമ്പനിയുടെ പ്രവർത്തനങ്ങൾ നിർത്തി വച്ചിരിക്കുകയാണ്. രണ്ടു മൂന്നു കോൺഫറൻസുകൾ നടന്നു. 7-ാം തീയതി വീണ്ടും ലേബർ കമ്മീഷണർ യോഗം വിളിച്ചിട്ടുണ്ട്. ആ കോൺഫറൻസ് എന്റെ ചേമ്പറിലേക്കു മാറ്റി. അവരുമായി ചർച്ച ചെയ്ത് പ്രശ്ന പരിഹാരത്തിനു ശ്രമിക്കുന്നതാണ്.

(4) ആറളം ഫാം ചെവിടംകുഴിയിൽ ബീരാന്റെ വസ്തുവകകൾ നശിപ്പിച്ചതും കൂടി ഒഴിപ്പിച്ചതും സംബന്ധിച്ച്

പ്രൊഫ. എ. ഡി. മുസ്തഫ : സർ, വളരെ ഗുരുതരമായ ഒരു കാര്യത്തിലേക്കു അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. 52 വർഷമായി ഭൂമി കൈവശം വച്ചു താമസിക്കുന്ന 160 -ഓളം കുടുംബങ്ങൾ ആറളം ഫാമിലുണ്ട്. അതിൽപ്പെട്ട ഒരു കുടുംബത്തെ, ചെവിടംകുഴിയിൽ ബീരാന്റെ കൈവശം ഉള്ള ഭൂമിയും വസ്തുവകകളും, 26-6-2003-ൽ ഫാം അധികൃതരുടെ സഹായത്തോടു കൂടി പോലീസ് ഒഴിപ്പിക്കുകയും അവിടെ ഉണ്ടായിരുന്ന കെട്ടിടം നശിപ്പിക്കുകയും ചെയ്തു. അതു പുനഃസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ആറളം ഫാം സർക്കാർ ഏറ്റെടുക്കുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ ചർച്ച നടന്നു വരുന്നതേയുള്ളൂ. ഫാം ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ അധീനതയിൽ തന്നെയാണ്. ബീരാന്റെ ഭാര്യ പാത്തുമ്മ, മകൻ ബഷീർ തുടങ്ങിയവർ തൊഴിലാളികളെ ഉപയോഗിച്ച് ഒന്നര ഏക്കറോളം സ്ഥലം അനധികൃതമായി കയ്യേറി താൽക്കാലിക ഷെഡ് നിർമ്മിച്ചതായും ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരം പ്രസ്തുത ഫാമിലിയുടെ അനധികൃതമായ കയ്യേറ്റം തടയണമെന്നും മറ്റും രേഖാമൂലം കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഫാം അധികൃതർ പോലീസിൽ പരാതി നൽകുകയും പോലീസ് ആ പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും സ്ഥലം കയ്യേറിയതായി പറയപ്പെടുന്ന ആൾക്കാരോട് വസ്തുവിന്റെ അവകാശം സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ അവർ രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. തുടർന്ന് ഫാം അധികാരികൾ തന്നെയാണ് താൽക്കാലിക ഷെഡും മറ്റും നീക്കം ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly